കേരള സർക്കാർ

# ഏഴിക്കര ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.12)1893/2017

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271

email:-doekm.ksad@kerala.gov.in
തീയതി:29/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഏഴിക്കര ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേക്കും 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>
1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(പി12)1893 /2017

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി:29/11/2017

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18

എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 06 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് പരാമർശങ്ങളായി ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിജയകുമാർ എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.09.2017 മുതൽ 25.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഡി.ജിനിൽ റോയ്,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജീവ് എൻ.എം,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസ് ഫിജോയ് വി.ജെ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഗീത പ്രതാപൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.പി.എ.ചന്ദ്രിക | 01.04.2016 മുതൽ<br>31.03.2017 വരെ |
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി.സ്മേര എ.ആർ. | 01.04.2016 മുതൽ<br>31.03.2017 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ.കെ.കെ.നാരായണൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വിദ്യാഭ്യാസം & ആരോഗ്യം സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി. ഉഷ രാധാകൃഷ്ണൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.ഷേർളി എ.ബി. | 01.04.2016 മുതൽ<br>30.12.2016 വരെ |

| | | |
|---|---|---|
| | ശ്രീ.കെ.എസ്.ശശീന്ദ്രൻ | 31.12.2016 മുതൽ 31.03.2017 വരെ |

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സലീഷ്യ സജിനി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.അംബിക കെ.പി. | 01.04.2016 മുതൽ 26.09.2016 വരെ |
| | ശ്രീ.ഷാജിമോൻ കാവൂ | 04.10.2016 മുതൽ 28.10.2016വരെ |
| | ശ്രീമതി.അംബിക എം.ജെ. | 29.10.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.വിനോദ് പൗലോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, ഏഴിക്കര സർക്കിൾ | ശ്രീമതി.ടെസ്സി ഇ.എഫ്. | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, നന്ത്യാട്ട്കുന്നം സർക്കിൾ | ശ്രീമതി.ഷൈമ എം.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, ഏഴിക്കര | ശ്രീ.സാജു എൻ. രാജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, ഏഴിക്കര | സജി പി.എ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ടോണി തോപ്പിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | അനിത ജെയിംസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | സബീന ടി.എം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അംബിക എ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. നന്ത്യാട്ട് കുന്നം | ഷീല എ. സലാം | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | എം.ബി.സുനിൽ കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **- 2** | |
| 12 | കെട്ടിടനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 13 | ലേലത്തുക ഈടാക്കാത്തത് സംബന്ധിച്ച് | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | അക്കൗണ്ട്സിലെ അപാകതകൾ | 2-4 |
| | ഭാഗം **- 3** | |
| 16 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി | 3-1 |
| 17 | സാമൂഹിക പെൻഷനുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ | 3-2 |
| 18 | വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യുന്നില്ല | 3-3 |
| 19 | വാട്ടർ ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച് | 3-4 |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-5 |
| | ഭാഗം **- 4** | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം - 2 |

| | | |
|---|---|---|
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം - 3 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം - 4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 16.03.2016 ലെ തീരുമാനം 3 പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 7,10,18,954 | 7,67,75,809 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 3,23,81,740 | 3,25,43,422 |

ഇ.എഫ്.എം.എസ്. മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 10166157 രൂപയുടെയും 27779660 രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം കാണുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 30-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകളിൽ ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടു. വിശദാംശം ഖണ്ഡിക 2-4 ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റു ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 25.09.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47,74,775.70 |
| വരവ് | 3,23,81,740.00 |
| ആകെ | 3,71,56,515.70 |
| ചെലവ് | 3,25,43,422.00 |
| നീക്കിയിരിപ്പ് | 4613093.70 |

## 1-5 ഫണ്ട് വിനിയോഗം

| മുൻബാക്കി | അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കാതെ ബാക്കിയായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 81,55,362 | 74,37,772 | 717590 | 91 |
| വികസനഫണ്ട് എസ്.സി.പി. | 73,48,368 | 36,55,453 | 36,92,915 | 50 |
| വികസനഫണ്ട് ടി.എസ്.പി. | 1,49,034 | 52,400 | 96,634 | 35 |
| സംരക്ഷണഗ്രാന്റ് റോഡ് | 39,10,314 | 5,75,972 | 33,34,342 | 14 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,54,755 | 21,13,444 | 4,41,311 | 82 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 45,73,539 | 26,61,222 | 19,12,317 | 58 |
| പെർഫോമൻസ് ഗ്രാന്റ് | 17,68,398 | 11,63,150 | 6,05,248 | 65 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 1,03,14,628 (മുന്നിരിപ്പ്-121,563 ഉൾപ്പെടെ) | 1,01,66,157 | 1,48,471 | 98 |
| ബി ഫണ്ട് | 2,77,79,660 | 2,77,79,660 | - | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 108 | 37873078 | 71 | 19532410 | 10 | 27 | 65.70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രോജക്ട് നമ്പർ | ആകെ അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥർ |
|---|---|---|---|---|
| 1 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 75/17 | 150000 | പഞ്ചായത്ത് സെക്രട്ടറി |
| 2 | കന്നുകുട്ടി പരിപാലനം | 59/17 | 156250 | വെറ്ററിനറി സർജ്ജൻ |
| 3 | കമ്പ്യൂട്ടർ അപ്ഗ്രേഡേഷൻ | 97/17 | 62000 | പഞ്ചായത്ത് സെക്രട്ടറി |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 84.09% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11,28,225 | 25,32,585 | 14,04,360 | 124% |
| നികുതിയേതര വരവുകൾ | 5,25,166 | 5,33,569 | 8,403 | 1.6% |
| മറ്റുവരവുകൾ | 24,445 | 22,571 | -1,854 | (-) 7.5% |
| ആകെ | 16,77,836 | 30,88,725 | 14,10,889 | 84.09% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67560 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 3727300 | 405 |
| വിധവാപെൻഷൻ | 6914400 | 624 |
| വാർദ്ധക്യകാലപെൻഷൻ | 14042100 | 1328 |
| വികലാംഗപെൻഷൻ | 2224900 | 210 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 683400 | 58 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം | 120000 | 4 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 6392 (ആറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

വിതരണ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

ഓഫീസ് മീറ്റിംഗ് മിനട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്. യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, , ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരാതി രജിസ്ററർ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.

പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്ററർ, തെരുവുവിളക്കുകളുടെ രജിസ്ററർ എന്നിവയും കൃത്യമായി പരിപാലിക്കുന്നതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2017 | 01.08.2017 മുതൽ 31.08.2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2017 മുതൽ 09.03.2017 വരെ | 2011-12 മുതൽ 2015-16 വരെ | 22.04.2017 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി ഈടാക്കിയിട്ടില്ല-

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 13ാം വാർഡിൽ സർവ്വേ നമ്പർ 173/18 ൽ ഉൾപ്പെടുന്ന സ്ഥലത്ത് SNDP യൂണിയൻ പ്രസിഡന്റ്, ഭരണ നിർവ്വഹണ കേന്ദ്രത്തിനായി 737.37 എം2 കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റിനായി 2014-15 വർഷം അപേക്ഷ നല്കിയിരുന്നു. എന്നാൽ 17.04.2017ൽ വീണ്ടും അപേക്ഷ സമർപ്പിച്ചതിൽ 3148.04എം2 കെട്ടിടം നിർമ്മിച്ചത് റെഗുലറൈസ് ചെയ്യുന്നതിന് വേണ്ടിയാണ്. ഇതോടൊപ്പം സമർപ്പിച്ച പ്ലാൻ ,അനുബന്ധ രേഖകൾ പരിശോധിച്ചതിൽ നിലവിൽ ഈ കെട്ടിടങ്ങളിൽ ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജ് എന്ന വിദ്യാഭ്യാസ സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അപേക്ഷ പ്രകാരമുള്ള സ്ഥലവും പ്ലാനിൽ രേഖപ്പെടുത്തിയ സ്ഥലവും തമ്മിൽ വ്യത്യാസം കാണുന്നു.

2) പ്ലാൻ പരിശോധിച്ചതിൽ, നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് പടിഞ്ഞാറുവശം 30 മീറ്റർ വീതിയിൽ പുഴ കാണുന്നു. നിർമ്മാണം നടത്തിയിട്ടുള്ളത് CRZ മേഖലയിലാണ് എന്നതിനാൽ KCZMZA യിൽ നിന്നും ക്ലിയറൻസ് ലഭിക്കേണ്ടതാണ്. എന്നാൽ KCZMZA യിൽ നിന്നും ക്ലിയറൻസ് ലഭിച്ചതായി കാണുന്നില്ല.

3) മേൽ കെട്ടിടം നിർമ്മിച്ച വർഷം കണക്കാക്കി അന്നേ വർഷം മുതൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതും ഇടാക്കേണ്ടതുമാണ് (പിഴപ്പലിശ സഹിതം).

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ലേലതുക ഈടാക്കാത്തത്

പഞ്ചായത്ത് കമ്മിറ്റിയുടെ 21.03.2016 ലെ തീരുമാനം I(1) പ്രകാരം കണ്ടേക്കാവ് ഫിഷ് ലാന്റിംഗ് സെന്ററിന്റ ലേലം 2016-17 വർഷത്തേക്ക് ശ്രീമതി.സവിത എം.ബി എന്നയാൾക്ക്

9300 രൂപയ്ക്ക് സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട്. ടിയാരി അടച്ചതുകയുടെ വിവരങ്ങൾ (ലേല രജിസ്റ്റർ പ്രകാരം) താഴെ ചേർക്കുന്നു.

.

| ക്രമ നമ്പർ | തുക | രസീത് നമ്പർ | തീയതി |
|---|---|---|---|
| 1 | 3100 | 100026 | 04.04.16 |
| 2 | 2323 | 101152 | 02.11.16 |
| 3 | 1000 (emd) | 102026 | 17.03.16 |
| ആകെ തുക | 6425 | | |

ലേലതുകയിൽ 2875 (9300-6425) രൂപ കൂടി ലേലക്കാരി അടക്കുവാനുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ മേല്പറഞ്ഞ ലേലത്തിൽ നിന്ന് ഒഴിവാക്കണമെന്ന ശ്രീമതി സവിത എം.ബി യുടെ അപേക്ഷ പരിഗണിച്ച് 05.11.2016 ലെ തീരുമാനം 7 പ്രകാരം ടിയാരിയുടെ നഷ്ടോത്തരവാദിത്വത്തിൽ 24.11.16 ൽ കണ്ടേക്കാവ് ഫിഷ് ലാന്റിംഗ് സെന്റർ പുനർ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പുനർ ലേലത്തിൽ ആരും പങ്കെടുത്തില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ട തുകയായ 2875 രൂപ ശ്രീമതി.സവിത എം.ബി യുടെ പക്കൽ നിന്നോ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

.നിസാര കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ലേലക്കാരന്റെ അപേക്ഷ പ്രകാരം ലേലം ഉറപ്പിച്ചതിനുശേഷം ഒഴിവാക്കുന്നത് ശരിയായ പ്രവണതയല്ല. ലേലം കൊണ്ടതിനു ശേഷം പിൻമാറുന്നതിന് കേവലമൊരു അപേക്ഷമാത്രം മതിയെന്ന ധാരണ മറ്റ് ലേലക്കാർക്ക് ഉണ്ടാവുന്നതിനും, ലേല ഗഡുക്കൾ മുടങ്ങുന്നതിനും കാരണമായേക്കാമെന്നതിനാൽ ലേലം ഒഴിവാക്കി നൽകുന്നത് പഞ്ചായത്ത് കമ്മിറ്റി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 2-3 <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല</u>

.

പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

.

| ക്രമ നമ്പർ | ബിൽഡിംഗ് നമ്പർ | ഉടമസ്ഥന്റെ പേര്, വിലാസം | നിലവിലുള്ള കുടിശ്ശിക (വർഷം തിരിച്ച്) | | ആകെ |
|---|---|---|---|---|---|
| 1 | 6/169 എ | വിയോം നെറ്റ് വർക്ക്സ് ലിമിറ്റഡ്, മണിമല റോഡ്, ഇടപ്പള്ളി | 2012-13 | 4944 | 32324 |
| | | | 2013-14 | 6845 | |
| | | | 2014-15 | 6845 | |
| | | | 2015-16 | 6845 | |
| | | | 2016-17 | 6845 | |

| | | | | | |
|---|---|---|---|---|---|
| 2 | 6/154 | ഭാരതി എയർടെൽ കടവന്ത്ര | 2012-13 | 2592 | 26792 |
| | | | 2013-14 | 6050 | |
| | | | 2014-15 | 6050 | |
| | | | 2015-16 | 6050 | |
| | | | 2016-17 | 6050 | |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായ 59,116 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 അക്കൗണ്ട്സിലെ അപാകതകൾ

(എ) 2016-17 വർഷം ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതികൾക്ക് 2,25,000 രൂപയാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ തൻവർഷം എ.സി.ആർ പ്രകാരം 3,25,000 രൂപ വരവ് കാണിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപയുടെ വ്യത്യാസം കാണുന്നു.

(ബി) ധനകാര്യപത്രിക പ്രകാരം NREGS ചെലവ് 10193065 രൂപയാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ചെലവ് 10166157 രൂപയാണ്.

ടി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി

പ്രോജക്ട് നം.S0067/16

പ്രോജക്ട്:എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

അടങ്കൽ-150000 രൂപ

ചെലവ് വിവരം-1,50,000 രൂപ ബിൽ 23/16-17 തീ.30.03.17

-1,00,000 രൂപ ബിൽ 67/16-17 തീ.31.03.17

----------

ആകെ 2,50,000 രൂപ

2016-17 സാമ്പത്തിക വർഷം എസ്.സി. കുട്ടികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 5 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഇവർക്ക് 50000/- രൂപ വീതം അഡ്വാൻസ് നല്കിയിട്ടുണ്ട്. ഇതിൽ 1) ടി.ബി.രമണൻ നന്തിലാം പറമ്പ്, 2)ഷിബു നികത്തിൽ എന്നിവരുടെ പഠനമുറി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച 1 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

# 3-2 സാമൂഹിക പെൻഷനുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ നല്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ നല്കുമ്പോൾ, ഗുണഭോക്താവ് മരണപ്പെട്ടാൽ മോണിറ്റർ ചെയ്യുന്നതിന് നിലവിൽ സംവിധാനം ഇല്ല. തന്മൂലം പ്രതിമാസ പെൻഷൻ ഇഎഫ്.എം.എസ്. വഴി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഗുണഭോക്താവ് മരണപ്പെട്ടാൽ മേൽ തുക അക്കൗണ്ടിൽ നിലനിൽക്കുകയും ചെയ്യുന്നു.

2) എൽ.എസ്.ജി.ഡി.യുടെ സേവന സൈറ്റ് പരിശോധിച്ചതിൽ ഡി.ബി.ടി വഴി നല്കുന്ന പെൻഷൻ വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുകയും പിന്നീട് നല്കുന്നതായും കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

a) തങ്കമ്മ രാജൻ (പെൻഷൻ നമ്പർ-106260200056)ആണ്ടിക്കോരത്ത് വീട്,കെടാമംഗലം ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ ഗുണഭോക്താവിന്റെ 2016 അരിയർ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റമ്പർ മാസങ്ങളിലെ പെൻഷൻ, ഡിസീസ്ഡ് എന്ന കാരണത്താൽ തടഞ്ഞ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2016 ഒക്ടോബർ മുതൽ ഓഗസ്റ്റ് 2017 വരെ പെൻഷൻ ബാങ്ക് ഓഫ് ബറോഡ വഴി നല്കിയതായി കാണുന്നു. തടഞ്ഞുവെച്ച അരിയർ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റമ്പർ മാസങ്ങളിലെ പെൻഷൻ പിന്നീട് ഗുണഭോക്താവിന് ലഭിച്ചതായി കാണിച്ചില്ല.

b) തങ്കപ്പൻ പി.എൽ (പെൻഷൻ നമ്പർ-106260201098), പുളിക്കൽ വീട് എന്ന ഗുണഭോക്താവിന് 2016 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ 3000/- രൂപ കാനറ ബാങ്ക് വഴി ലഭിച്ചിട്ടുണ്ട്. കേരള ഫിഷർമാൻ വെൽഫെയർ ബോർഡിൽ നിന്നും പെൻഷൻ

ലഭിക്കുന്നതിനാൽ 2017 ജാനുവരി മുതൽ പ്രതിമാസം 600/- രൂപയായി പെൻഷൻ നിജപ്പെടുത്തിയിട്ടുണ്ട്. ഇതേ കാരണം മൂലം നാരായണൻ കുട്ടി (പെൻഷൻ നമ്പർ- 106260200056) എന്ന ഗുണഭോക്താവിന് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ 3000/- രൂപ തടഞ്ഞുവെയ്ക്കുകയും 2017 ജനുവരി മുതൽ 600/-രൂപ പ്രതിമാസ പെൻഷൻ ആയി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാൾക്ക് 2016 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ അരിയറായി നല്കിയപ്പോഴും പ്രതിമാസം 600/-രൂപ നിരക്കിലാണ് ലഭിച്ചത്. ഒരേ കാരണം മൂലം രണ്ട് തരത്തിൽ പെൻഷൻ വിതരണം ചെയ്തത് ശരിയായ നടപടിയല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ സാമൂഹിക പെൻഷനുകൾ ഇ.എഫ്.എം.എസ്. വഴി വിതരണം ചെയ്യുമ്പോളുണ്ടാകുന്ന ന്യൂനതകൾ വിലയിരുത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ് .

## 3-3 വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യുന്നില്ല

പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് എന്ന പ്രോജക്ട് 2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്. (പ്രോജക്ട് നമ്പർ 30/2017) 1,80,081 അടങ്കൽ ഉള്ള ഈ പദ്ധതിയിൽ 178985 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 2016-17 വർഷം സെക്രട്ടറി ഉൾപ്പെടെ 14 നിർവ്വഹണോദ്യോഗസ്ഥർ 71 പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും ഒരു പ്രോജക്ടിനു പോലും മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലായെന്നുള്ളത് ശ്രദ്ധേയമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും ചുമതലകളും യഥാവിധി വിനിയോഗിക്കുന്നില്ല. മോണിട്ടറിംഗ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകളിലൊന്നാണ്. മോണിട്ടറിംഗ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് പ്രോജക്ടുകൾ ഭൗതിക ലക്ഷ്യം കൈവരിച്ചോ, ഇല്ലയോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നത്.

പദ്ധതി മോണിട്ടർ ചെയ്യാത്തത് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. വരും വർഷങ്ങളിൽ മോണിട്ടറിംഗ് കൃത്യമായി നിർവ്വഹിക്കുവാൻ വർക്കിംഗ് ഗ്രൂപ്പുകൾ പ്രത്യേകം ശ്രദ്ധിക്കുകയും പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 വാട്ടർ ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച്

.വാട്ടർ അതോറിട്ടിയുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയിനത്തിൽ 31.03.2017 ൽ പഞ്ചായത്ത് അടക്കേണ്ട തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ കുടിശ്ശിക | 1,93,38,075രൂപ |
| പിഴപ്പലിശ | 3,79,157രൂപ |
| 384 പൊതു ടാപ്പിന്റെ പ്രതിമാസ നിരക്ക് | 1,68,000രൂപ |

2015-16 വർഷത്തിൽ 12,99,426 രൂപ വികസന ഫണ്ട്, സി.എഫ്.സി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് കുടിശ്ശികയിനത്തിൽ അടവാക്കിയതായിട്ടുണ്ട് (മുൻവർഷത്തെ

ഓഡിറ്റ് റിപ്പോർട്ടിലെ ഖ:3-4) എന്നാൽ ഈ തുക നാളിതുവരെ കുടിശ്ശികയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. തന്മൂലം 12,99,426 രൂപ ഉൾപ്പെടെയുള്ള കുടിശ്ശിക തുകയുടെ പലിശയാണ് പ്രതിമാസം വാട്ടർ അതോറിട്ടി ഡിമാൻഡ് ചെയ്യുന്നത്. ഇതു വരെ കുടിശ്ശികയിനത്തിൽ അടച്ച തുക കുടിശ്ശിക ഡിമാൻഡിൽ കുറവ് വരുത്തുന്നതിനും, അടച്ച തീയതി മുതൽ മേൽതുക കുറവ് ചെയ്ത കുടിശ്ശികയ്ക്ക് മാത്രം പലിശ കണക്കാക്കുന്നതിനും, വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെടേണ്ടതാണ്.

പഞ്ചായത്ത് വാട്ടർ അതോറിട്ടിയുമായി ചേർന്ന് പൊതുടാപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പ്രവർത്തനരഹിതമായ പൊതു ടാപ്പുകൾ കണ്ടെത്തി നീക്കം ചെയ്യുന്നതിനും, പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുവാൻ വേണ്ട നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | വൗ.നം. 21600700 23-01-17 | 82000 | 82000 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ നീട്ടൽ | വൗ.നം. 21600894 17-03-17 | 498814 | 498814 | 0 |
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | വൗ.നം. 21600943 24-03-17 | 85018 | 85018 | 0 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വൗ.നം. 21600947 30-12-16 | 200000 | 200000 | 0 |
| വാട്ടർ അതോറിറ്റി | സ്ട്രീറ്റ് വാട്ടർ ടാപ്പ് കട്ട് ചെയ്യുന്നത് | വൗ.നം. 21600945 25-03-17 | 22000 | 22000 | 0 |
| ആകെ | | | **887832** | **887832** | |

പണിപൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 887832/-രൂപ തടസ്സപ്പെടുത്തുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | പാലിയേറ്റീവ് കെയർ | 1,50,000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 1,75,000 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,75,000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,50,000 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | വൗ.നം. 21600700 23-01-17 | 82000 | 82000 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ നീട്ടൽ | വൗ.നം. 21600894 17-03-17 | 498814 | 498814 | 0 |
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | വൗ.നം. 21600943 24-03-17 | 85018 | 85018 | 0 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വൗ.നം. 21600947 30-12-16 | 200,000 | 200,000 | 0 |
| വാട്ടർ അതോറിറ്റി | സ്ട്രീറ്റ് വാട്ടർ ടാപ്പ് കട്ട് ചെയ്യുന്നത് | വൗ.നം. 21600945 25-03-17 | 220,00 | 220,00 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ ഉ(സ1)എ8 B.63480/2010 തസ്വഭവ. തീ.11.2.10 | 70,00,000 | 12,08,750 | 2,50,000 | 0 | 9,58,750 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,71,56,515.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,25,43,422.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 2875.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 987,832.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2875 | - | ശ്രീ.കെ.എസ്.ശശീന്ദ്രൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,00,000 | ശ്രീമതി.അംബിക എം.ജെ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 8,87,832 | 687832/- – ശ്രീ. കെ.എസ്.ശശീന്ദ്രൻ, സെക്രട്ടറി<br>200000/- – ശ്രീമതി. ഷേർളി എ.ബി, സെക്രട്ടറി |
| | **9,87,832** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.ശശീന്ദ്രൻ | സെക്രട്ടറി , ഏഴിക്കര ഗ്രാമപഞ്ചായത്ത് | കൈതവളപ്പിൽ വീട്, ചെറായി പി.ഒ , പിൻ - 683514 |
| ശ്രീമതി.അംബിക എം.ജെ. | അസിസ്റ്റന്റ് സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് | വെളിയത്ത് ഹൗസ്, ദേശാഭിമാനി റോഡ്, എളമക്കര പി.ഒ , |

.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ഇ (പി2)853/03, തീയതി.14.10.03 | |
| 1998-99 | എൽ.എഫ്.ഇ (പി2)749/05, തീയതി.26.5.06 | |
| 2002-03 | എൽ.എഫ്.ഇ (പി2)1307/05, തീയതി.26.6.06 | |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.1.08 | |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.7.9.09 | |
| 2008-09 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 | |
| 2009-10 | എൽ.എഫ്.ഇ (പി2)1842/11, തീയതി.23.11.11 | |
| 2010-11 | എൽ.എഫ്.ഇ (പി2)1842/11, തീയതി.23.11.11 | |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.8.13 | |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.2.15 | |
| 2013-14& 2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.2.16 | |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016, തീയതി 07.12.16 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.12)1893/2017

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030

ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:29/11/2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-4 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

APPENDIX 1

No. KSA-EKM(P.12)1893/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 29/11/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ezhikkara Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Ezhikkara Gramapanchayat for the year 2016-17 except the observations in para 2-4 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Ernakulam